**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3608** **26-10-2021 - ൽ മറുപടിയ്ക്ക്**

**കെ.ടി.ഡി.എഫ്.സി. മാവൂർ റോഡിൽ പണിത ടവറിന്റെ ബലക്ഷയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കേരള ട്രാൻസ്പോർട്ട് ഡെവലപ്മെൻറ് ഫിനാൻസ് കോർപ്പറേഷൻ മാവൂർ റോഡിൽ പണിയുയർത്തിയ ടവറിന് ബലക്ഷയമുണ്ടെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (എ) | ഉണ്ട്. ഐ.ഐ.ടി മദ്രാസിന്റെ വിശദവിശകലനത്തിനുശേഷമുള്ള റിപ്പോർട്ടിൽ പറയുന്നത് "നിലവിൽ ബസ് ടെർമിനലിന്റെ അവസ്ഥ നിർണ്ണായകമാണ്. ബേസ്മെന്റ് B1 ഫ്ലോറിലെ സ്ലാബുകളിൽ Multiple Cracks ഉള്ളതിനാലും, ബീമുകളിലെ ക്രാക്കുകൾ ന്യൂട്രൽ ആക്സസിസും മറികടന്നു. പോയതിനാലും ബസ് ടെർമിനലിന്റെ ബസ്ബേ ഫ്ലോർ ചെന്നൈ ഐ.ഐ.ടി മുഖാന്തിരം repair and rehabilitation ജോലികൾ പൂർത്തീകരിക്കുന്നതുവരെ ബസ് ഓപ്പറേഷൻ പാടുള്ളതല്ല" പ്രസ്തുത റിപ്പോർട്ടിനെക്കുറിച്ച് ഉന്നതതലത്തിൽ ചർച്ച ചെയ്ത് ചുവടെ ചേർക്കുന്ന തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. 1. കെ.എസ്.ആർ.ടി.സി. നിലവിലെ ബസ് ടെർമിനൽ കോംപ്ലക്സ്, കോഴിക്കോട് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ബസ് സ്റ്റാന്റ് രണ്ടാഴ്ചക്കുള്ളിൽ നഗരത്തിന്റെ മുനിസിപ്പൽ സ്റ്റാന്റിലും മറ്റു ലഭ്യമായ സ്ഥലത്തുമായി പുനഃക്രമീകരിച്ച് നിലവിലെ കെട്ടിടം ഒഴിയേണ്ടതാണ്. 2. നിലവിലെ ഡിപ്പോ പ്രവർത്തനം നിർത്തുന്ന സമയം, എവിടെ നിന്ന് ഡിപ്പോ പ്രവർത്തനം ജനങ്ങൾക്ക് ബുദ്ധിമുട്ടില്ലാതെ നടത്താൻ സാധിക്കും എന്നത് സംബന്ധിച്ച് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഉടൻ തന്നെ യോഗം വിളിച്ചു ചേർക്കാനും നിർദ്ദേശങ്ങൾ സമർപ്പിക്കാനും നിർദ്ദേശം നൽകണം. 3. കെട്ടിടം ലീസ് എടുത്ത M/s. ആലിഫ് ബിൽഡേഴ്സ്, മറ്റു ലസികൾ എന്നിവരും കെട്ടിടം ശക്തിപ്പെടുത്തുന്ന പ്രവർത്തനം നടക്കുന്ന വേളയിൽ കെട്ടിടം ഒഴിഞ്ഞു നൽകേണ്ടതാണ്. 4. ഐ.ഐ.ടി ചെന്നൈയിലെ വിദഗ്ധരുടെ പഠന റിപ്പോർട്ടിൽ കണ്ടെത്തിയ കോഴിക്കോട് ബസ് ടെർമിനൽ കോംപ്ലക്സിന്റെ നിർമ്മാണത്തകരാർ വിലയിരുത്തി ശുപാർശകൾ സമർപ്പിക്കുന്നതിനായി സാങ്കേതിക വിദഗ്ദരെ ഉൾപ്പെടുത്തി ഒരു അഞ്ച് അംഗ Technical |

| | | | | |
|---|---|---|---|---|
| | | | | Expert Committee രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കമ്മിറ്റി രണ്ടാഴ്ചയ്ക്കുള്ളിൽ report സമർപ്പിയ്ക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത സമിതി നിർദ്ദേശിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ, കോംപ്ലക്സിന്റെ നിർമ്മാണ തകരാർ ഇല്ലാതാക്കി ശക്തിപ്പെടുത്താൻ വൈദഗ്ധ്യവുമുള്ള കരാറുകാരിൽ നിന്ന് ലിമിറ്റഡ് ടെൻഡർ മുഖേന ഒരു ഏജൻസിയെ നിയമിക്കുകയും ആയതിന് കെ.റ്റി.ഡി.എഫ്.സി. ബോർഡിന്റെ അംഗീകാരം നേടേണ്ടതുമാണ്. ഒരു മാസത്തിനുള്ളിൽ ആവശ്യമായ ശക്തിപ്പെടുത്തലിന് ഭരണാനുമതി നൽകാൻ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.റ്റി.ഡി.എഫ്.സി.യെ ചുമതലപ്പെടുത്തി. 5. സത്വരമായ ശക്തിപ്പെടുത്തൽ നടപടികൾ പൂർത്തീകരിച്ച് എത്രയും വേഗം കെട്ടിടം ലീസ് കരാർ വച്ച M/s. ആലിഫ് ബിൽഡേഴ്സിന് വാണിജ്യ പ്രവർത്തനങ്ങൾ തുടരാൻ അനുമതി കെ.റ്റി.ഡി.എഫ്.സി. നൽകേണ്ടതാണ്. 6. ഐ.ഐ.ടി, ചെന്നൈ റിപ്പോർട്ടിലെ നിരീക്ഷണങ്ങൾ നിലവിൽ നടന്നു വരുന്ന വിജിലൻസ് അന്വേഷണ ഉദ്യോഗസ്ഥന് നൽകാനും ഉചിത നടപടിക്ക് ശുപാർശ ചെയ്തു. 7. സ്ട്രക്ച്ചറൽ ഡിസൈൻ ദൗർബല്യത്തിന് കാരണക്കാരായ കരാറുകാരുടെയും, ഡിസൈൻ ചെയ്ത ആർക്കിടെക്ടിന്റെയും പേരിൽ ശക്തമായ നിയമനടപടികൾ ഉടനെ ആരംഭിക്കുവാനും, പുനരുദ്ധാരണത്തിനും ശക്തിപ്പെടുത്തലിനും വേണ്ടി വരുന്ന തുക ഇവരിൽ നിന്നും ഈടാക്കാനും കെ.റ്റി.ഡി.എഫ്.സി.ക്ക് നിർദ്ദേശം നൽകി. 8. ഏതെങ്കിലും ഉദ്യോഗസ്ഥരുടെ മേൽനോട്ടക്കുറവ് മൂലം സ്ട്രക്ച്ചറൽ ഡിസൈൻ ക്രമീകരിക്കുന്നതിൽ വീഴ്ച വന്നുവെങ്കിൽ അവരുടെ പേരിൽ പൂർണ്ണ അച്ചടക്ക നടപടി എടുക്കാൻ നിർദ്ദേശിച്ചു. ചെന്നൈ ഐ.ഐ.ടി. സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബസ് ബേ ഫ്ലോറും മറ്റു ടെനന്റ്സിനേയും ഒഴിപ്പിച്ച് repair and rehabilitation work ചെയ്തു ബി.റ്റി.സി.യെ ബലപ്പെടുത്തുവാനുള്ള നടപടി ക്രമങ്ങൾ സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ